**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 697** **17-09-2025 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ മണ്ഡലത്തിൽ വൈദ്യുതി വകുപ്പിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ ചാത്തന്നൂർ മണ്ഡലത്തിലെ വൈദ്യുതി പ്രസരണ വിതരണ രംഗത്തും വൈദ്യുതിയുമായി ബന്ധപ്പെട്ട മറ്റ് മേഖലകളിലും നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും ഓരോ വികസന പ്രവർത്തനങ്ങൾക്കും ചെലവായ തുക എത്രയെന്നും വിശദമാക്കാമോ? | (എ) | **കെ.എസ്.ഇ.ബി.എൽ.**<br><br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ ചാത്തന്നൂർ മണ്ഡലത്തിലെ വൈദ്യുതി വിതരണ രംഗത്ത് നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളും ചെലവായ തുകയും താഴെ നൽകുന്നു.<br><br>**a)** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പ്രവൃത്തികൾ (PPS Work)<br><br>1) സ്ട്രീറ്റ് മെയിൻ പുതുതായി സ്ഥാപിച്ചതിനായി - 75.66 ലക്ഷം<br><br>2) ലൈൻമാറ്റി സ്ഥാപിക്കുന്നതിനായി - 7.28 ലക്ഷം<br><br>3) ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കുന്നതിനായി - 1.70 ലക്ഷം<br><br>**ആകെ – 84.64 ലക്ഷം**<br><br>**b)** എം എൽ എ - സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ട് (MLA SDF) പദ്ധതി<br><br>1) എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കാൻ ആവശ്യമായ വൈദ്യുതി ശൃംഖല നിർമ്മിക്കുകയും ലൈറ്റുകൾ സ്ഥാപിക്കുകയും ചെയ്യുന്ന പ്രവൃത്തിക്ക് - 24.73 ലക്ഷം<br><br>2) ചിറക്കര പഞ്ചായത്തിലെ പോളച്ചിറ ഏലയുടെ' കാർഷിക വികസന പദ്ധതിക്കായി വെള്ളം വറ്റിക്കുന്നതിനുള്ള ട്രാൻസ്ഫോർമർസ്ഥാപിക്കൽ - 4.8 ലക്ഷം<br><br>3)നെടുങ്ങോലം താലൂക്ക് ആശുപത്രിയുടെ ഡയാലിസിസ് യൂണിറ്റ് നിർമ്മിച്ച് വൈദ്യുതീകരിച്ച പ്രവൃത്തി - 1.75 ലക്ഷം<br><br>**ആകെ – 31.28 ലക്ഷം**<br><br>**c)** ദ്യുതി പദ്ധതി (കെഎസ്ഇബിഎൽ) (Dyuthi Works)<br><br>1) കവേർഡ് കണ്ടക്ടർ ഉപയോഗിച്ച് പുതിയ ലൈൻ നിർമ്മിക്കുന്ന പ്രവൃത്തി - 1.77 കോടി രൂപ<br><br>2)പഴയ 11 കെവി ലൈൻഅഴിച്ച് മാറ്റാൻ - 10 ലക്ഷം രൂപ |

3)ട്രാൻസ്ഫോർമർ സ്റ്റേഷൻ സ്റ്റാൻഡഡൈസ് ചെയ്യാൻ- 37 ലക്ഷം രൂപ

4)എൽടി ലൈൻകൺവെർഷൻ - 46 ലക്ഷം രൂപ

5) സ്പെയ്സർ സ്ഥാപിക്കാൻ - 7.51 കോടി രൂപ

6)പുതിയ എബി സ്വിച്ച് സ്ഥാപിക്കാൻ- 20 ലക്ഷം രൂപ

7)ബി.പി.എൽ സർവ്വീസ് കണക്ഷൻ നൽകാൻ - 50 ലക്ഷം രൂപ

8) A pole muff ചെയ്യുന്നതിനായി - 2 ലക്ഷം രൂപ

9)എബിസി ഉപയോഗിച്ച് റീകണ്ടക്ടറിംഗ് ചെയ്യാൻ- 6.10 കോടി രൂപ

10) ഫാൾട്ട് പാസ് ഇന്റിക്കേറ്റർ സ്ഥാപിക്കാൻ -7.0 ലക്ഷം രൂപ

11) ACSR ഉപയോഗിച്ച് റീകണ്ടക്ടറിംഗ് ചെയ്യാൻ- 3.30 കോടി രൂപ

12) പോൾഇൻസെർഷൻചെയ്യാൻ- 28 ലക്ഷം രൂപ

13) പോൾഎർത്തിംഗ് ചെയ്യാൻ- 8 ലക്ഷം രൂപ

14) ഫാൾട്ടി മീറ്റർമാറ്റാൻ-2 കോടി രൂപ

15) പുതിയ ലൈൻനിർമ്മിക്കാൻ- 1.80 കോടി രൂപ

16)പുതിയ ട്രാൻസ്ഫോർമർസ്ഥാപിക്കാൻ - 1.50 കോടി രൂപ

17)യുജി കേബിൾസ്ഥാപിക്കാൻ - 3.50 കോടി രൂപ

18)RMU സ്ഥാപിക്കാൻ- 5 ലക്ഷം രൂപ

19)ട്രാൻസ്ഫോമർ സ്റ്റേഷനിൽ മെറ്റൽ ഇടുന്ന പ്രവർത്തി - 25 ലക്ഷം രൂപ

20)ട്രാൻസ്ഫോർമർമാറ്റി സ്ഥാപിക്കാൻ- 2 ലക്ഷംരൂപ

21) ട്രാൻസ്ഫോർമർ കപ്പാസിറ്റി കൂട്ടാൻ - 20 ലക്ഷം രൂപ

**ആകെ - 30.08 കോടി രൂപ**

**d)** KIIFB പദ്ധതി

എച്ച്ടി/എൽടി ലൈൻഷിഫ്റ്റ് ചെയ്യുന്നതിനും, കണ്ണനല്ലൂർ - മൈലക്കാട് പാതയുടെ വീതി കൂട്ടുന്നതിനും - Rs. 1.43 ലക്ഷം

**ആകെ തുക – 31.25 കോടി രൂപ**

പ്രസരണ മേഖലയിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ

1. 110 കെവി കൊട്ടിയം സബ്സ്റ്റേഷനിൽ നിന്നും 33 കെവി ആദിച്ചനല്ലൂർ സബ്സ്റ്റേഷനിലേയ്ക്ക് വൈദ്യുതി നൽകുന്ന 9.85 കി.മി. ദൈർഘ്യമുള്ള 33 കെവി ഓവർ ഹെഡ് ലൈൻ കവചിത കണ്ടക്ടർ ആക്കി മാറ്റുന്ന പ്രവൃത്തി RDSS സ്കീമിൽ 29.08.2025-ൽ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിക്ക് ചെലവായ തുക - 294.27 ലക്ഷം രൂപ

2. 110 കെവി കൊട്ടിയം സബ്സ്റ്റേഷനിൽ നിന്നും 33 കെവി കണ്ണനല്ലൂർ സബ്സ്റ്റേഷനിലേയ്ക്ക് വൈദ്യുതി നൽകുന്ന6.5കി.മി. ദൈർഘ്യമുള്ള 33 കെവി ഓവർ ഹെഡ് ലൈൻ കവചിത കണ്ടക്ടർ ആക്കി മാറ്റുന്ന പ്രവൃത്തി RDSS സ്കീമിൽ 26.05.2025-ൽ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിക്ക് ചെലവായ തുക - 211.64 ലക്ഷം രൂപ

3. 110 കെവി കൊട്ടിയം സബ്സ്റ്റേഷനിൽ നിന്നും കൊട്ടിയം ഇലക്ട്രിക്കൽ സെക്ഷനിലേയ്ക്ക് പുതിയതായി ഒരു 11 കെവി ഫീഡർ കമ്മീഷൻ ചെയ്തിട്ടുണ്ട്. പദ്ധതി ചെലവ് - 10.65 ലക്ഷം രൂപ

4. കൊട്ടിയം സബ്സ്റ്റേഷനെ കൊല്ലം സബ്സ്റ്റേഷനുമായി ബന്ധിപ്പിച്ചു കൊണ്ട് 110 കെ.വി ഭൂഗർഭ കേബിൾ ലിങ്ക് സ്ഥാപിച്ചു. പദ്ധതി ചെലവ് 35 കോടി രൂപ

5. 33 കെവി ആദിച്ചനല്ലൂർ സബ്സ്റ്റേഷനിലെ 11 കെവി outdoor പാനലുകൾ മാറ്റി indoor പാനലുകൾ 06.08.2024-ൽ സ്ഥാപിച്ചിട്ടുണ്ട്. പദ്ധതിക്ക് ചെലവായ തുക - 58.5 ലക്ഷം രൂപ

കൂടാതെ ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ സൗര ഫേസ് 1 പദ്ധതിയിൽ ഉൾപ്പെടുത്തി 171 kW സ്ഥാപിത ശേഷിയിൽ 22 പുരപ്പുറ സൗരോർജ്ജ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനായി ആകെ 77,82,449/- രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ ചാത്തന്നൂർ ഇലെക്ട്രിക്കൽ ഡിവിഷൻ ഓഫീസിൽ 25 kW ന്റെ ഒരു പുരപ്പുറ സൗരോർജ്ജ നിലയവും 10,60,093/- രൂപ ചെലവഴിച്ചു പൂർത്തീകരിച്ചിട്ടുണ്ട്.

ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന 7 പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. പട്ടിക ചുവടെ ചേർത്തിരിക്കുന്നു.

| **Sl. No** | **Landmark** | **Section** | Amount |
|---|---|---|---|
| 1 | Near Town Bus Stand | Paravoor | Rs.195230/- |
| 2 | Near Bus Stand towards Trivandrum, Chathannoor Town | Chathannoor | |
| 3 | Adichanalloor Town | Chathannoor | |
| 4 | Near Poothakkulam HS | Poothakkulam | |
| 5 | Near Lakshmi Hotel- Paripally Town | Paripally | |
| 6 | Koonayil | Paravoor | |
| 7 | Doctor Mukku | Poothakkulam | |

**അനെർട്ട്**

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ ചാത്തന്നൂർ മണ്ഡലത്തിൽ അനെർട്ട് മുഖന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം

| | | | |
|---|---|---|---|
| | | | അനുബന്ധമായി ചേർക്കുന്നു:<br><br>**<u>ഇ.എം.സി.</u>**<br><br>നവകേരളം കർമ്മ പദ്ധതി നെറ്റ് സീറോ കാർബൺ കേരളത്തിനായി കൊല്ലം ജില്ലയിൽ തെരഞ്ഞെടുത്ത പൂതക്കുളം പഞ്ചായത്തിലെ 28 അങ്കണവാടികളിൽ എനർജി മാനേജ്മെന്റ് സെന്റർ (ഇഎംസി) അംഗൻജ്യോതി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി വൈദ്യുത ഇൻഡക്ഷൻ അടുപ്പ്, ഇൻഡക്ഷന് അനിയോജ്യമായ ആറ് തരം പത്രങ്ങൾ നൽകിയിരുന്നു. ഇതുവഴി ഓഫ് പീക്ക് സമയത്തെ വൈദ്യുതി പാചകം പ്രോത്സാഹിപ്പിക്കുവാനും എൽപിജി ഉപയോഗം കുറയ്ക്കുവാനും സാധിക്കുന്നതാണ് ഇതുവഴി കാർബൺ ലഘൂകരണം നടക്കുകയും, നെറ്റ് സീറോ കാർബൺ പ്രവർത്തങ്ങൾക്ക് ഒരു ചുവടുവയ്പ്പാകുയും ചെയ്യും. 28 അങ്കണവാടികളിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി 2,63,004/- രൂപ ഇഎംസി ചെലവാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ